## ഭരണഭാഷ-മാതൃഭാഷ

എ5/46/2017-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 15-0 -2017

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-എല്ലാ സർക്കാർ ഓഫീസുകളിലും/ പൊതുമേഖലാ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്

സൂചന: 07-03-2017 തീയതിയിലെ 16/സിഡിഎൻ2/16/പൊഭവ നമ്പർ സർക്കാർ പരിപത്രം

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രവർത്തനങ്ങൾ സുഗമവും, സുതാര്യവുമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പ് മേധാവികൾ അവരവരുടെ ഓഫീസുകളിലും, കീഴിലുള്ള ഓഫീസുകളിലും ലഹരിവിമുക്ത പ്രവർത്തനങ്ങൾ നടത്തുന്നതിന് ലഹരി വിരുദ്ധ കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സൂചനപ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ ഓഫീസുകളിലും, എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും, എല്ലാ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ലഹരി വിമുക്ത പ്രവർത്തനങ്ങൾ നടത്തുന്നതിന് ഓഫീസ് മേധാവിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ കമ്മിറ്റികൾ അടിയന്തിരമായി രൂപീകരിക്കണമെന്നും നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രാൻസ്പോർട്ട് കമ്മീഷണർക്കു വേണ്ടി

അംഗീകാരത്തോടെ
സീനിയർ സൂപ്രണ്ട്